**Deepika**

**27 July 2018**

**Kochi: Idamalayr,no  need to Worry**



ഇടമലയാർ അണക്കെട്ട്

# ആശങ്ക വേണ്ടെന്ന് കളക്ടർ

കൊച്ചി: ഇടമലയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച് ഭയക്കേണ്ട സാഹചര്യമില്ലെന്ന് ജില്ലാ കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. ഇടുക്കി, ഇടമലയാർ അണക്കെട്ടുകളിലെ ജലനിരപ്പ്, മഴയുടെ തോത്, ജലനിരപ്പ് ഉയരുകയോ താഴുകയോ ചെയ്യുന്നതിനെടുക്കുന്ന സമയം, താഴ്ന്ന പ്രദേശങ്ങളിലെ സ്ഥിതിഗതികൾ തുടങ്ങിയ വിഷയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയെ തുടർന്നാണ് ഇക്കാര്യം അറിയിച്ചത്.

മൂന്നു മുന്നറിയിപ്പുകൾ നൽകിയതിനുശേഷമേ അണക്കെട്ടുകൾ തുറക്കൂ. ഇവ രണ്ടും സംബന്ധിച്ച് ആദ്യ മുന്നറിയിപ്പു മാത്രമേ ലഭിച്ചിട്ടുള്ളൂ. മൂന്നാം മുന്നറിയിപ്പു കഴിഞ്ഞ് 24 മണിക്കൂറിനുശേഷമേ ഷട്ടറുകൾ തുറക്കൂ എന്നതിനാൽ ജനവാസകേന്ദ്രങ്ങളിൽനിന്ന് ആളുകളെ ഒഴിപ്പിക്കുന്നതിനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാനും സമയം ലഭിക്കുമെന്നും കളക്ടർ അറിയിച്ചു.

ഇടമലയാർ അണക്കെട്ടിൽ ജലനിരപ്പ് 165 മീറ്റർ കടന്നപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ഇത് 167 മീറ്ററാകുമ്പോൾ രണ്ടാം മുന്നറിയിപ്പും 169 മീറ്ററാകുമ്പോൾ മൂന്നാം മുന്നറിയിപ്പും നൽകും. ഇടുക്കിയിൽ 2390 അടി പിന്നിട്ടപ്പോഴാണ് ആദ്യ മുന്നറിയിപ്പ് നൽകിയത്. ജലനിരപ്പ് 2395 അടിയാകുമ്പോൾ രണ്ടാമത്തേയും 2399 അടിയാകുമ്പോൾ മൂന്നാമത്തേയും മുന്നറിയിപ്പ് നൽകും. തുടർന്ന് 24 മണിക്കൂറിനു ശേഷമേ ഷട്ടറുകൾ തുറക്കൂ.

നിലവിലെ കാലാവസ്ഥയിൽ ഇടുക്കി അണക്കെട്ടിൽ ഒരടിയും ഇടമലയാറിൽ 50 സെന്റീമീറ്ററും വീതമാണ് പ്രതിദിനം ജലനിരപ്പുയരുന്നത്. ജില്ലയെ സംബന്ധിച്ചിടത്തോളം ഇടമലയാറിലെ ജലനിരപ്പ് സുപ്രധാനമാണെന്നും ഇതു സംബന്ധിച്ച് ജാഗ്രത പുലർത്തണമെന്നും കളക്ടർ നിർദേശിച്ചു.

ഭൂതത്താൻകെട്ടിലെ 15 ഷട്ടറുകളിൽ 13 എണ്ണം തുറന്നിട്ടുണ്ട്. 34.95 മീറ്റർ സംഭരണശേഷിയുള്ള അണക്കെട്ടിൽ 29 മീറ്ററോളം വെള്ളമാണ് ഇപ്പോഴുള്ളത്. ഇടുക്കിയിൽ വൈദ്യുതോൽപ്പാദനം പൂർണ്ണതോതിൽ നടത്തുന്നതിനാൽ മൂവാറ്റുപുഴയാറിൽ നീരൊഴുക്ക് കൂടാൻ സാധ്യതയില്ലെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ആളുകളെ ഒഴിപ്പിക്കേണ്ട സാഹചര്യത്തിൽ ക്യാമ്പുകൾ സജ്ജമാക്കുന്നതിനുള്ള സ്കൂൾ, കോളജ് തുടങ്ങിയവ കണ്ടെത്താൻ റവന്യൂ ഉദ്യോഗസ്ഥർക്ക് കളക്ടർ നിർദേശം നൽകി. രണ്ടാം മുന്നറിയിപ്പ് നൽകേണ്ടതായി വന്നാൽ വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തും.

മുന്നറിയിപ്പ് നൽകുന്നതും ഉദ്യോഗസ്ഥരുമായുള്ള കൂടിക്കാഴ്ചയും ഔദ്യോഗിക നടപടിക്രമങ്ങൾ മാത്രമാണെന്നും ജനങ്ങൾ ഭയക്കേണ്ട സാഹചര്യമില്ലെന്നും കളക്ടർ പറഞ്ഞു. ഇതേ കാലാവസ്ഥ തുടർന്നാൽ 10 ദിവസങ്ങൾകൊണ്ടേ ഷട്ടറുകൾ തുറക്കേണ്ട സാഹചര്യമുള്ളൂ.

ഇതിനിടയിൽ മഴ കുറയാനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ഫോർട്ടുകൊച്ചി ആർഡിഒ എസ്.ഷാജഹാൻ, മൂവാറ്റുപുഴ ആർഡിഒ അനിൽകുമാർ, ദുരന്തനിവാരണ ഡപ്യൂട്ടി കളക്ടർ ഷീല ദേവി, സംസ്ഥാന വൈദ്യുതിബോർഡ് ലോഡ് ഡെസ്പാച്ച് ഡെപ്യൂട്ടി ചീഫ് എൻജിനിയർ എസ്.ആർ.ആനന്ദ്, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.